സ്വകാര്യ സ്കൂൾ മാനേജുമെന്റുകൾ സസ്പെൻഡ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്ത ജീവനക്കാർ

1282 [2059] ശ്രീ. ടി. എ. പരമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂൾ മാനേജുമെന്റുകൾ സസ്പെൻഡ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്ത എത്ര അദ്ധ്യാപകർ/അദ്ധ്യാപകേതര ജീവനക്കാർ സംസ്ഥാനത്തുണ്ട്.

(ബി) ഗവൺമെന്റിന്റെ നിർദ്ദേശമുണ്ടായിട്ടും മാനേജർമാർ ആ ജീവനക്കാരെ തിരിച്ചെടുത്തിട്ടില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മാനേജർമാർക്കെതിരെ ഗവൺമെന്റ് എന്തുനടപടി എടുത്തു; എത്ര മാനേജർമാർക്ക് അയോഗ്യത കല്പിച്ച് ഉത്തരവായിട്ടുണ്ട്;

(ഡി) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ മാനേജർമാർക്ക് സസ്പെൻഷൻ, പിരിച്ചുവിടൽ എന്നീ കാര്യങ്ങളിൽ കൂട്ടുനിൽക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തു നടപടികൾ ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) അത്തരം കണക്കുകൾ ഗവൺമെന്റിന്റെ കൈവശമില്ല. ഈ വിവരം ശേഖരിക്കുന്നതിനും പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

(ബി) അത്തരത്തിലുള്ള പല കേസുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടാറുണ്ട്.

(സി) നിലവിലുള്ള നിയമങ്ങളനുസരിച്ച് വേണ്ട നടപടികൾ ഓരോ സംഗതിയിലും, കൈക്കൊണ്ടിട്ടുണ്ട്. അയോഗ്യത കല്പിക്കപ്പെട്ട മാനേജർമാരുടെ എണ്ണം ഗവൺമെന്റിന്റെ കൈവശം ഇല്ല.

(ഡി) ഇല്ല, ചോദ്യം ഉദിക്കുന്നില്ല.

പാർട്ട് ടൈം ടീച്ചിംഗ് സർവ്വീസ്

1283 [2060] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാർട്ട് ടൈം ടീച്ചിംഗ് സർവ്വീസ് ഗ്രേഡിനും പെൻഷനും വെയിറേറാജിനും ഫുൾടൈം സർവ്വീസായി പരിഗണിക്കുമോ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly